**കോഴിക്കോട് ജില്ലയിലെ കേരള ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ ബ്രാഞ്ചുകൾ**

**29 (4068)** ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കേരള ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ എത്ര ബ്രാഞ്ചുകൾ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) സ്വന്തമായി കെട്ടിടം ഉള്ള ബ്രാഞ്ചുകൾ എത്രയാണ് എന്നും ഏതൊക്കെയാണ് എന്നും വെളിപ്പെടുത്താമോ ;

(സി) ഈ ഓരോ ബ്രാഞ്ചിലേയും കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലെ ബിസിനസ് എത്രയാണ് എന്നതിന്റെ പട്ടിക മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) 18 ബ്രാഞ്ചുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) എല്ലാ ബ്രാഞ്ചുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(സി) ബിസിനസിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു.†

**സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽ 2002-ൽ ഉണ്ടായിട്ടുള്ള എൽ. ഡി. സി. ഒഴിവുകൾ**

**30 (4069)** ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽ 2002-ൽ ഉണ്ടായിട്ടുള്ള എൽ. ഡി. സി. ഒഴിവുകളിൽ എത്ര ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) എത്ര ഒഴിവുകളാണ് ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ വഴി നികത്തിയിട്ടുള്ളത് ;

(സി) ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ നടത്തുന്നത് ഒഴിവുകളുടെ എത്ര ശതമാനത്തിലേക്കാണ് ;

(ഡി) ഇതിന്റെ മാനദണ്ഡമെന്താണ് ;

(ഇ) 2002 ഡിസംബർ 31-നുശേഷം ഫൈനാൻസ് എക്സ്പെന്റിച്ചർ കമ്മിറ്റിയും പി. ആന്റ്. എ. ആർ. ഡി.-യിലെ സർപ്ലസ് മാൻ പവർ കമ്മിറ്റിയും നിലവിലുണ്ടോ ; ഇതിന് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ വഴി ഒഴിവുകൾ നികത്തിയിട്ടില്ല.

(സി) പത്ത് ശതമാനത്തിലേക്ക്.

(ഡി) ഒരു ഡിസ്ട്രിക്റ്റ് റിക്രൂട്ട്മെന്റ് ബോർഡിൽ 5 വർഷം പൂർത്തിയായാൽ ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ നൽകാവുന്നതാണ്.

(ഇ) 16-1-2002-ലെ ജി. ഒ. (പി) 56/2002/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, സർക്കാർ വകുപ്പുകളിലെ അധിക തസ്തികകൾ കണ്ടെത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കരണ വകുപ്പ് (പ്രിൻസിപ്പൽ സെക്രട്ടറി) ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കുകയും 24-9-2002-ലെ ജി. ഒ. (പി) 572/02/ധന. നമ്പർ ഉത്തരവ് പ്രകാരം അധിക തസ്തികകളുടെ പുനർവിന്യാസ പ്രവർത്തനങ്ങൾക്കായി ഉദ്യോഗസ്ഥ ഭരണപരിഷ്കരണ വകുപ്പിൽ സർപ്ലസ്മാൻപവർ സെൽ രൂപീകരിക്കുകയും ചെയ്തു. അവ രണ്ടും ഇപ്പോഴും നിലവിലുണ്ട്.

**അബ്കാരി നിയമം**

**31 (4070)** ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലപ്പഴക്കമുള്ള അബ്കാരി നിയമം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും സമഗ്രമായ പുതിയ ഒരു നിയമ നിർമ്മാണത്തിനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) അബ്കാരി നിയമത്തിൽ സമഗ്രമായ ഭേദഗതി വരുത്തുന്നതിനായി മുൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നു എന്നു വ്യക്തമാക്കാമോ ;

(സി) അബ്കാരി നിയമത്തിൽ മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കമ്മിറ്റി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിലുണ്ടായിരുന്ന ജനകീയ സമിതികളുടെ പ്രവർത്തനം പരാജയമായതുകൊണ്ടാണോ പുതിയ ജനകീയ സമിതികൾ രൂപീകരിക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ശ്രീ. ഉദയഭാനു കമ്മിഷൻ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; ഇത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly